**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. നജീബ് കാന്തപുരം | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് നടപ്പിലാക്കി വരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാദമി, ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് കേരള എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമി, കണ്ണൂർ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് കേരള എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമി ഫോർ ഗേൾസ് എന്നിവ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഫുട്ബോൾ പരിശീലനം മെച്ചപ്പെടുത്തുന്നതിനായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷനുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഫുട്ബോൾ പരിശീലനം മെച്ചപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ മത്സരങ്ങൾ, ദേശീയ ക്യാമ്പുകൾ എന്നിവയ്ക്ക് ആതിഥ്യം വഹിക്കുന്നതിനുമായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ സമർപ്പിച്ച ധാരണാപത്രം പരിഗണനയിലാണ്. |
| (സി) | ഇതിന്റെ ഫലമായി ഫുട്ബോൾ രംഗത്തുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ ഗ്രാസ്റൂട്ട്, യൂത്ത് ഡെവലപ്മെന്റ് പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും പരിശീലകരുടെയും റെഫറിമാരുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സാങ്കേതിക സഹായം അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷൻ ലഭ്യമാക്കുന്നതാണ്. ഇതിലൂടെ സംസ്ഥാനത്തെ അടിസ്ഥാന പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ സൃഷ്ടിക്കാനും ദേശീയ അന്തർദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ സംസ്ഥാനത്ത് ഫുട്ബോളിനുള്ള ജനകീയത വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ